"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ അദാലത്ത് - കാസർഗോഡ് നീലിമല പെരിയങ്ക റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് എടുത്തതിനാൽ വീടിനും ജീവനും ഭീഷണിയുള്ള ശ്രീ. രാജേഷ് എം.കെ. യുടെ വീടും സ്ഥലവും പഞ്ചായത്തിലേക്ക് സറണ്ടർ ചെയ്ത്, പുതിയ സ്ഥലം കണ്ടെത്തി വീട് വയ്ക്കുന്നതിന് പ്രോജക്ട് തയ്യാറാക്കുന്നതിന് കള്ളാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും, ആയതിനുള്ള ഫണ്ട് കാസർഗോഡ് ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിക്കുന്നതിനും പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2043/2024/LSGD തീയതി,തിരുവനന്തപുരം, 26-10-2024

---

പരാമർശം:-

1. തദ്ദേശ അദാലത്തിൽ ഡോക്കറ്റ് നമ്പർ PAKSGDP 0166000002 ആയി പരിഗണിച്ച അപേക്ഷ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18-09-2024 ലെ LSGD/PD/32323/2024-DPLC5 നമ്പർ കത്ത്

**ഉത്തരവ്**

കാസർഗോഡ് ജില്ലാപഞ്ചായത്തിന്റെ നീലിമല പെരിയങ്ക റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. രാജേഷ് എം.കെ. യുടെ വീടിന്റെ അരികു വശം കട്ട് ചെയ്ത് മണ്ണ് എടുത്തതിനാൽ ടി വീട്ടിൽ നിന്നും 1.5 മീറ്റർ വീതിയിൽ വലിയ കട്ടിംഗ് വന്ന് അത് മഴയത്ത് ഇടിഞ്ഞ് ടിയാന്റെ വീടിനും ജീവനും ഭീഷണിയായി തീർന്നിട്ടുള്ളതിനാൽ വീടിന്റെ അരിക് വശം കെട്ടി നൽകണമെന്ന അപേക്ഷയിൽ ശ്രീ. രാജേഷ്ന്റെ കുടുംബത്തിന് ഉണ്ടായേക്കാവുന്ന വലിയ അപകടം ഒഴിവാക്കുന്നതിലേയ്ക്കായി ടിയാന് പ്രസ്തുത സ്ഥലത്തു നിന്ന് ഒഴിഞ്ഞ് മറ്റൊരു സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് ജില്ലാപഞ്ചായത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് കാസർഗോഡ് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കാസർഗോഡ് തദ്ദേശ അദാലത്തിൽ പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീ. രാജേഷ് എം.കെ.യ്ക്ക് പുതിയ സ്ഥലം കണ്ടെത്തി വീട് വയ്ക്കാനുള്ള പദ്ധതി തയ്യാറാക്കുന്നതിന് കാസർഗോഡ് ജില്ലാപഞ്ചായത്തിന് അനുമതി നൽകുന്ന കാര്യം പരിഗണനാർഹമാണെന്നും പദ്ധതി അംഗീകരിക്കപ്പെടുന്ന പക്ഷം നിലവിലുള്ള വീടും സ്ഥലവും പഞ്ചായത്തിലേയ്ക്ക് സറണ്ടർ ചെയ്യാൻ ആവശ്യപ്പെടാവുന്നതുമാണെന്നും ജില്ലാ അദാലത്ത് സമിതി റിപ്പോർട്ട് ചെയ്തിട്ടുമുള്ള സാഹചര്യത്തിൽ, റോഡ് വികസനത്തിന്റെ ഭാഗമായി ശ്രീ. രാജേഷ് എം.കെ.യ്ക്ക് ഉണ്ടായ കഷ്ടനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന് പദ്ധതി തയ്യാറാക്കാൻ കള്ളാർ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകുന്നതിനും ആയതിനുള്ള ഫണ്ട് കാസർഗോഡ് ജില്ലാപഞ്ചായത്തിൽ നിന്നും അനുവദിക്കുന്നതിനും അനുമതി നൽകുന്നതിന് തദ്ദേശ അദാലത്തിലെ തീരുമാന സഹിതം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലാപഞ്ചായത്തിന്റെ നീലിമല പെരിയങ്ക റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് എടുത്തതിനാൽ വീടിനും ജീവനും ഭീഷണിയുള്ള ശ്രീ. രാജേഷ് എം.കെ. യുടെ നിലവിലുള്ള വീടും സ്ഥലവും പഞ്ചായത്തിലേക്ക് സറണ്ടർ ചെയ്ത്, പുതിയ സ്ഥലം കണ്ടെത്തി വീട് വയ്ക്കുന്നതിന് പ്രോജക്ട് തയ്യാറാക്കുന്നതിന് കള്ളാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും, ആയതിനുള്ള ഫണ്ട് കാസർഗോഡ് ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിക്കുന്നതിനു പ്രത്യേക അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
സെക്രട്ടറി, കള്ളാർ ഗ്രാമപഞ്ചായത്ത്, കാസർഗോഡ്
സെക്രട്ടറി, കാസർഗോഡ് ജില്ലാ പഞ്ചായത്ത്
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 29-10-2024 14:11:26
സെക്ഷൻ ഓഫീസർ